# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 236 23.01.2018 ൽ മറുപടിയ്ക്ക്

**<u>കേരള _കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധനം</u>**

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരള - കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധനം നീക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീം കോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | കേരള കർണ്ണാടക അതിർത്തിയിലെ രാത്രിയാത്ര നിരോധിച്ചുകൊണ്ട് കർണ്ണാടക ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സ്റ്റേ ചെയ്യണമെന്നാണ് സംസ്ഥാന സർക്കാർ ബഹു. സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിരുന്നത്. പ്രശ്ന പരിഹാരത്തിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങളും സുപ്രീംകോടതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.<br>i) പോലീസിന്റെയും വനം വകുപ്പിന്റെയും മേൽനോട്ടത്തിൽ നിശ്ചിത വേഗതയിൽ കോൺവോയ് അടിസ്ഥാനത്തിൽ വാഹനങ്ങൾ നിശ്ചിത ഇടവേളകളിൽ കടത്തി വിടുക<br>ii) രാത്രിയാത്ര നിരോധിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലെങ്കിൽ, അത് നിലവിലുള്ള പാത വികസിപ്പിച്ച്, പകൽ സമയതത് കൂടുതൽ വാഹനങ്ങൾ കടത്തിവിടുന്നതിന് സജ്ജമാക്കിയതിനുശേഷം മാത്രമേ പരിഗണിയ്ക്കാവൂ.<br>iii)ളുണകളിൽ സ്ഥാപിക്കപ്പെട്ട രീതിയിൽ മുകളിലൂടെ ഇരട്ടവരിപാത പണിയുക<br>iv) ഈ റൂട്ടിലൂടെ വാഹനമോടിക്കുന്ന ഡ്രൈവർമാർക്ക്, വന്യ ജീവികൾക്ക് ഉപദ്രവമുണ്ടാകാത്ത രീതിയിൽ |

| | | | |
|---|---|---|---|
| | | | വാഹനമോടിക്കുന്നതിനുള്ള പരിശീലനം നൽകുക.<br>ഝ) ഇതു സംബന്ധിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതിയെ നിയമിക്കുക. |
| (ബി) | കേരള - കർണ്ണാടക - തമിഴ്നാട് സർക്കാരുകളുമായി ചേർന്ന് പൊതുധാരണയുണ്ടാക്കുന്നതിനും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ യാത്രാ നിരോധനം നീക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | രാത്രിയാത്രാ നിരോധനം സംബന്ധിച്ച് 10.01.2018-ന് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കേന്ദ്ര ഗതാഗത സെക്രട്ടറിയുടെ (MoRTH) നേതൃത്വത്തിൽ കേരള - കർണ്ണാടക - തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികളും വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പ്രതിനിധിയും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും, പ്രസ്തുത കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് ഒരു മാസത്തിനകം വിളിച്ചു ചേർക്കുന്നതിനും മൂന്നു മാസത്തിനുള്ളിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രഗതാഗത മന്ത്രാലയമാണ്. |

സെക്ഷൻ ഓഫീസർ